ഗവ: ഹൈസ്കൂൾ കുറുമ്പാല

# ലിറ്റിൽ ന്യൂസ് നവംബർ 2024

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്



## കലാമേളയിലും കുറുമ്പാല





സബ് ജില്ലാ - റവന്യൂ ജില്ലാ കലോത്സവങ്ങളിൽ മികച്ച പ്രകടനം കാഴ്ച്ചവെച്ച ടീം ജി എച്ച് എസ് കുറുമ്പാല

സ്കൂൾ കലാമേളയിലും മികവ് തുടർന്ന് ജി എച്ച് എസ് കുറുമ്പാല. വൈത്തിരി ഉപജില്ലാ, വയനാട് റവന്യൂ ജില്ലാ കലോത്സവങ്ങളിൽ അഭിമാനാർഹമായ പ്രകടനമാണ് കുറുമ്പാലയിലെ പ്രതിഭകൾ കാഴ്ച്ച വെച്ചത്. ഉപജില്ലാ അറബിക് കലോത്സവത്തിൽ എൽ പി വിഭാഗം റണ്ണേഴ്സ് അപ്പ് നേടിയ വിദ്യാലയം ജില്ലാ കലോത്സവത്തിൽ പങ്കെടുത്ത നാല് ഇനങ്ങളിലും എ ഗ്രേഡോടെ ഒന്നാം സ്ഥാനം നേടി സംസ്ഥാന തലത്തിലേയ്ക്ക് യോഗ്യത നേടി. നേരത്തെ സബ് ജില്ലാ - ജില്ലാ തല കായിക-ശാസ്ത്രമേളകളിലും വിദ്യാലയത്തിലെ കുട്ടികൾ മികവ് തെളിയിച്ചിരുന്നു.

### പങ്കെടുത്ത നാല് ഇനങ്ങളിലും എ ഗ്രേഡോടെ ഒന്നാം സ്ഥാനം

വയനാട് റവന്യൂ ജില്ലാ സ്കൂൾ കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗം കഥാരചന ഉർദു, പ്രസംഗം ഉർദു, ഉപന്യാസം ഉർദു, യു.പി. വിഭാഗം ഉർദു ക്വിസ് എന്നീ മത്സരങ്ങളിൽ എ ഗ്രേഡോടെ ഒന്നാം സ്ഥാനം നേടി ശ്രദ്ധേയരായി ജി.എച്ച്.എസ് കുറുമ്പാലയിലെ മിടുക്കികൾ. സ്കൂളിൽ നിന്ന് പങ്കെടുത്ത നാല് ഇനങ്ങളിലും ഒന്നാം സ്ഥാനം നേടിയാണ് അഭിമാനാർഹമായ നേട്ടം കൈവരിച്ചത്. ഉർദു കഥാരചനയിലും പ്രസംഗത്തിലും ഒന്നാം സ്ഥാനം നേടി ഫാത്തിമത്തു ഫർഹാന ഇരട്ട നേട്ടത്തിന് അർഹയായി. ഉർദു ഉപന്യാസത്തിൽ മുബഷിറ പി.പി യും, യു പി വിഭാഗം ക്വിസിൽ നിദാ ഫാത്തിമയും ഒന്നാം സ്ഥാനത്തിന് അർഹരായി. സംസ്ഥാന തലത്തിലേക്ക് യോഗ്യത നേടിയ വിജയികളെ പി ടി എ - സ്റ്റാഫ് കൗൺസിൽ യോഗം അഭിനന്ദിച്ചു

# ജില്ലാ കലോത്സവം - പ്രതിഭകൾ

ഹൈസ്കൂൾ വിഭാഗം
പ്രസംഗം, കഥാരചന- ഉർദു



ഫാത്തിമത്തു ഫർഹാന
എ ഗ്രേഡോടെ ഒന്നാം സ്ഥാനം

ഹൈസ്കൂൾ വിഭാഗം
ഉപന്യാസം - ഉർദു



മുബഷിറ പി പി
എ ഗ്രേഡോടെ ഒന്നാം സ്ഥാനം

യു പി വിഭാഗം
ക്വിസ് - ഉർദു



നിത ഫാത്തിമ
എ ഗ്രേഡോടെ ഒന്നാം സ്ഥാനം

# ഉപജില്ലാ കലോത്സവം - പ്രതിഭകൾ





കഥ പറയൽ- അറബിക് (LP)
ഒന്നാം സ്ഥാനം
മുഹമ്മദ് നുഅ്മാൻ



ഗ്രൂപ്പ് സോങ് - ഉർദു (HS) - എ ഗ്രേഡ്



ഗ്രൂപ്പ് സോങ് - അറബിക് (LP) - എ ഗ്രേഡ്

# വേറിട്ട പ്രവർത്തനങ്ങളുമായി ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്

വിദ്യാലയത്തിലെ ലിറ്റിൽകൈറ്റ്സ് ക്ലബ്ബിൻെറ നേതൃത്വത്തിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.ഇൻഡസ്ട്രിയൽ വിസിറ്റ്, ഭിന്ന ശേഷി വിദ്യാർഥികൾക്കുള്ള ഐ ടി പരിശീലനം,ലിറ്റിൽ കൈറ്റ്സ് ഫോട്ടോഗാലറി, പ്രാദേശിക ചരിത്ര രചന തുടങ്ങിയ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## നാടിൻെറ ചരിത്രം തേടി ലിറ്റിൽ കൈറ്റ്സ്

2018 ൽ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് രൂപീകരിച്ചത് മുതൽ ഓരോ വർഷവും വ്യത്യസ്തങ്ങളായ പരിപാടികൾ കുറുമ്പാല ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് സംഘടിപ്പിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്ക്കിട്ടിയ വലിയ അംഗീകാരമായിരുന്നു 2013 ലെ ലിറ്റിൽ കൈറ്റ്സ് അവാർഡ്.2022-25 ബാച്ചിലെ കൈറ്റ്സ്അംഗങ്ങൾ മറ്റൊരു പ്രധാന പ്രവർത്തനം കൂടി പൂർത്തിയാക്കാനുള്ള ശ്രമത്തിലാണ്. സ്കൂൾ നില കൊള്ളുന്ന കുപ്പാടിത്തറ പ്രദേശത്തിൻെറ പ്രാദേശിക ചിത്രം തയ്യാറാക്കുക എന്നതാണ് ആ ഉദ്യമം. ഇതിനായി വിവിധ വ്യക്തികൾ, സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നെല്ലാം പരമാവധി വിവരങ്ങൾ ശേഖരിച്ച് വരുന്നു. ലഭ്യമായ വിവരങ്ങൾ ഉപയോഗപ്പെടുത്തി ഗ്രാമത്തിൻെറ ചരിത്രരചനയ്ക്ക് തുടക്കം കുറിക്കുക ഒപ്പം ഇതിൻെറ ഡോക്യുമെൻററി തയ്യാറാക്കാനുമുള്ള ഉദ്യമത്തിലാണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ.





## ഇൻഡസ്ട്രിയൽ വിസിറ്റ് സംഘടിപ്പിച്ചു

ലിറ്റിൽ കൈറ്റ്സ് പ്രവർത്തനത്തിൻെറ ഭാഗമായി 2023-26 ബാച്ച് അംഗങ്ങൾക്കായി(02-11-2024 ന് ശനിയാഴ്ച) ഇൻഡസ്ട്രിയൽ വിസിറ്റ് സംഘടിപ്പിച്ചു. കൽപ്പറ്റയിലെ കിൻഫ്രാ പാർക്കിലെ വി കെ സി പോളിമേസ് പ്രൈവറ്റ് ലിമിറ്റഡിലേക്കായിരുന്നു സന്ദർശനം. ചെരുപ്പ് നിർമ്മാണത്തിൻെറ വിവിധ ഘട്ടങ്ങൾ, പാക്കിംഗ്, വിവിധ മെഷീനുകളുടെ ഉപയോഗം, വി കെ സി യുടെ വിവിധ പ്രൊഡക്ടുകൾ തുടങ്ങിയ നിരവധി കാര്യങ്ങൾ മനസ്സിലാക്കാൻകഴിഞ്ഞു.ക്ലബ്ബിലെ മുഴുവൻ അംഗങ്ങളും പങ്കെടുത്തു.എൽ കെ മാസ്റ്റർ ഹാരിസ് കെ, മിസ്ട്രസ് അനില, ധന്യ ജോസഫ് എന്നിവർ നേതൃത്വം നൽകി.



## റഫ്നാസിന് ലിറ്റിൽ കൈറ്റ്സിൻെറ കരുതൽ

ജി എച്ച് എസ് കുറുമ്പാലയിലെ ഏഴാം ക്ലാസ് വിദ്യാർത്ഥിയായ മുഹമ്മദ് റഫ്നാസിന് ലിറ്റിൽ കൈറ്റ്സിൻെറ കരുതൽ.കൈറ്റ്സ് അംഗങ്ങൾ മലയാളം കമ്പ്യൂട്ടിംഗ്, ആനിമേഷൻ, ഗ്രാഫിക് ഡിസൈനിംഗ് മേഖലകളിൽ പരിശീലനം നൽകുന്നു. ഹോം ബേസ്ഡ് വിദ്യാർത്ഥിയായ റഫ്നാസ് സ്കൂളിൽ വരുന്ന ദിവസങ്ങളിൽ ഉച്ചഭക്ഷണ ഇടവേളകളും മറ്റ് ഒഴിവ് സമയങ്ങളും ഉപയോഗപ്പെടുത്തിയാണ് പരിശീലനം നൽകിവരുന്നത്.ഇത്തരം പരിശീലനങ്ങൾ 2018 മുതൽ ഒരു തനത് പ്രവർത്തനമായി യൂണിറ്റ് ചെയ്ത് വരുന്നു.



# സ്ററാർ ഗ്രൂപ്പിനെ അനുമോദിച്ചു



സ്കൂളിൻെറ തനത് പ്രവർത്തനമായ സ്റ്റാർ പദ്ധതിയുടെ ഭാഗമായി രണ്ടാം ടേമിലെ സ്റ്റാർ ഗ്രൂപ്പംഗങ്ങളെ എക്സ്ലെൻറ്,ഗ്രേറ്റ്,സ്റ്റാർ എന്നീ സ്റ്റാറുകൾ അണിയിച്ചു അനുമോദിച്ചു. ചടങ്ങ് ഹെഡ് മാസ്റ്റർ കെ അബ്ദുൾ റഷീദ് ഉദ്ഘാടനംചെയ്തു.കുട്ടികളുടെ അക്കാദമിക മികവിനാണ് പുരസ്കാരം നൽകുന്നത്

# കളറിംഗ് മത്സര വിജയികളെ അനുമോദിച്ചു

'നാമെല്ലാവരും ഒന്നാണ്. സഹോദരി സഹോദരങ്ങളാണ്' എന്ന ചിന്ത കുട്ടികളിൽ എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ ദീപിക മലയാള ദിനപത്രത്തിൻെറ സഹകരണത്തോടെ കുട്ടികൾക്കായി സംഘടിപ്പിച്ച കളറിംഗ് മത്സരത്തിൽ വിജയികളെ അനുമോദിച്ചു. പ്രീപ്രൈമറി വിഭാഗത്തിൽ മുഹമ്മദ് സഹലുദ്ദീൻ ഒന്നാം സ്ഥാനവും, ആയിഷ മെഹർ രണ്ടാം സ്ഥാനവും, ആയിഷ നിയാ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. എൽ പി വിഭാഗത്തിൽ മുഹമ്മദ് സാബിത്ത് ഒന്നാം സ്ഥാനവും, അഹമ്മദ് സിയാൻ രണ്ടാംസ്ഥാനവും, മുഹമ്മദ് നാജി മൂന്നാംസ്ഥാനവും നേടി. യുപി വിഭാഗത്തിൽ ഹന്നാ ഫാത്തിമ ഒന്നാം സ്ഥാനവും ഫാത്തിമ പി രണ്ടാം സ്ഥാനവും അംന ജാസ്മിൻ മൂന്നാം സ്ഥാനവും നേടി. ഹൈസ്കൂൾ വിഭാഗത്തിൽ ഫരീദ പി എച്ച് ഒന്നാം സ്ഥാനവും, നജീബ പിപി രണ്ടാംസ്ഥാനവും , മുബഷിറ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.വിജയികൾക്കുള്ള സമ്മാനങ്ങൾ ഹെഡ്മാസ്റ്റർ കെ അബ്ദുൽ റഷീദ് വിതരണം ചെയ്തു.



# ബോയ്സ് ഫ്രണ്ട്‌ലി ടോയിലറ്റ് ഉദ്ഘാടനം ചെയ്തു



എസ് എസ് കെ ഫണ്ട് വകയിരുത്തി കുറുമ്പാല ഗവ. ഹൈസ്കൂളിനനുവദിച്ച ബോയ്സ് ഫ്രണ്ട്‌ലി ടോയിലറ്റിൻെറ ഉദ്ഘാടനം 2024 നവംബർ 15 ന് എസ് എസ് കെ വയനാട് ഡി പി സി അനിൽകുമാർ നിർവ്വഹിച്ചു. ചടങ്ങിൽ എസ് എം സി ചെയർമാൻ കാഞ്ഞായി ഉസ്മാൻ, പിടിഎ പ്രസിഡൻറ് ഷറഫുദ്ദീൻ, ബിപിഒ കൊച്ചു ത്രേസ്യ, ഹെഡ്മാസ്റ്റർ കെ അബ്ദുൽ റഷീദ്,സി ആർ സി സിദ്ധാർത്ഥ്, എന്നിവർ പ്രസംഗിച്ചു. വിദ്യാർത്ഥികൾ, പി ടി എ, എം പി ടി എ, അംഗങ്ങൾ, അധ്യാപകർ പങ്കെടുത്തു.

# ശിശുദിനാഘോഷം

നവംബർ 14ന് ശിശുദിനാഘോഷ പരിപാടികളുടെ ഭാഗമായി സംഘടിപ്പിച്ചക്വിസ്,പ്രസംഗം, കളറിംഗ് മത്സരങ്ങൾ ശ്രദ്ധേയമായി.ഒപ്പം എല്ലാ വിദ്യാർത്ഥികളും ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കുകയുണ്ടായി



# മാഗസിൻ പ്രകാശനം ചെയ്തു



സോഷ്യൽ സയൻസ് ക്ലബ്ബിൻെറ നേതൃത്വത്തിൽ തയ്യാറാക്കിയ കയ്യെഴുത്ത് മാസികയുടെ പ്രകാശന കർമ്മം ഹെഡ് മാസ്റ്റർ കെ അബ്ദുൽ റഷീദ് സ്കൂൾ ലീഡർ റന ഷെറിന് നൽകി നിർവ്വഹിച്ചു. ക്ലബ്ബ് കൺവീനർ ജീന സ്വാഗതം പറഞ്ഞു

# മോട്ടിവേഷൻ ക്ലാസ് നൽകി

ജില്ലാ വനിതാശിശു വികസന ഓഫീസ് വയനാട്ഡിസ്ട്രിക്ട് സങ്കൽപ്പ്- ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമണിന്റെ ആഭിമുഖ്യത്തിൽ ഔട്ട്റീച്ച് പരിപാടികളുടെഭാഗമായി 28/11/2024 ന് സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി മോട്ടിവേഷൻ ക്ലാസ് സംഘടിപ്പിച്ചു. ORC ട്രെയ്നർ ശ്രീ. സുജിത്ത് ലാൽ ക്ലാസിന് നേതൃത്വം നൽകി




സ്കൂൾ പഠന-വിനോദ യാത്ര

**വാർത്തകൾ തയ്യാറാക്കിയത്**

ഫിദ ഫാത്തിമ, ജുബൈരിയ, ദീപിക